**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 394** **08-06-2021 - ൽ മറുപടിയ്ക്ക്**

**കിൻഫ്ര നടപ്പിലാക്കുന്ന പെട്രോകെമിക്കൽ പാർക്ക് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | **Shri. P. Rajeeve**<br>**(നിയമവും വ്യവസായവും കയറും വകുപ്പ് മന്ത്രി)** | |
| (എ) | കിഫ്ബി മുഖേന കിൻഫ്ര നടപ്പിലാക്കുന്ന പെട്രോകെമിക്കൽ പാർക്ക് പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ; | (എ) | (എ) കിഫ്ബി മുഖേന കിൻഫ്ര നടപ്പിലാക്കുന്ന പെട്രോകെമിക്കൽ പാർക്ക് പദ്ധതിയുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനായി ഹൈദരാബാദ് ആസ്ഥാനമായ M/s.Voyants Consultants നെ ചുമതലപ്പെടുത്തുകയും അവർ project report ഉം master plan ഉം തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. M/s.BPCL പ്രസ്തുത പാർക്കിലെ Anchor Investor ആണ്. 170 ഏക്കർ ഭൂമി BPCL ന്റെ വികസനത്തിനായി കിൻഫ്ര അലോട്ട് ചെയ്തു കഴിഞ്ഞു. പ്രസ്തുത പാർക്കിന്റെ ശിലാസ്ഥാപനം ബഹു.മുഖ്യമന്ത്രി 2021 ഫെബ്രുവരി 9-ാം തീയതി നിർവ്വഹിച്ചു. തദവസരത്തിൽ പ്രസ്തുത പാർക്കിൽ 45 ഏക്കർ ഭൂമി 16 വ്യവസായ സംരംഭകർക്ക് വ്യവസായങ്ങൾ ആരംഭിക്കുന്നതിന് Letter of Intimation നൽകുകയും ചെയ്തു. പ്രസ്തുത പദ്ധതിയുടെ അടിസ്ഥാന സൗകര്യങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ ടെൻഡർ നടപടികൾ പുരോഗമിച്ചു വരുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയ്ക്ക് പാരിസ്ഥിതിക അനുമതി ലഭിച്ചിട്ടുണ്ടോ; അറിയിക്കാമോ; | (ബി) | പ്രസ്തുത പദ്ധതിക്ക് കേന്ദ്ര പരിസ്ഥിതി വന മന്ത്രാലയത്തിന്റെ പാരിസ്ഥിതിക അനുമതി ലഭിച്ചിട്ടുണ്ട് |
| (സി) | ഈ പദ്ധതി പ്രാവർത്തികമാകുന്നതോടുകൂടി എത്ര കോടി രൂപയുടെ സ്വകാര്യ നിക്ഷേപവും എത്ര തൊഴിലവസരങ്ങളും ഉണ്ടാകുമെന്നാണ് കണക്കാക്കുന്നത്; വ്യക്തമാക്കാമോ? | (സി) | പ്രസ്തുത പദ്ധതി പ്രവർത്തനസജ്ജമാകുമ്പോൾ 9,900 കോടി രൂപയുടെ നിക്ഷേപവും, പ്രത്യക്ഷമായും പരോക്ഷമായും 10,312 തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെടുമെന്നാണ് പ്രതീക്ഷിക്കുന്നത്. |

സെക്ഷൻ ഓഫീസർ